**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 927** **29-08-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവീസ് പരിശീലന സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവീസ് പരിശീലനത്തിന് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായി സംസ്ഥാനത്തിനകത്തെ മികച്ച പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതി പ്രകാരം പ്രീലിമിനറി, ഫൈനൽ പരീക്ഷകൾക്ക് 25,000/- രൂപ വീതം ധനസഹായം അനുവദിക്കുന്നു. |
| (ബി) | സിവിൽ സർവീസ് പരിശീലത്തിന് അനുവദിക്കുന്ന ഗ്രാന്റ്, സംവരണം എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രീലിമിനറി പരീക്ഷാ പരിശീലനത്തിന് 25,000/-, ഫൈനൽ പരീക്ഷാ പരിശീലനത്തിന് 25,000/- എന്നിങ്ങനെ ഒരു ഉദ്യോഗാർത്ഥിക്ക് ആനുകൂല്യം അനുവദിക്കുന്നു. ടി തുകയിൽ ട്യൂഷൻ ഫീസ് ഇനത്തിൽ 15,000/- രൂപയും മെയിന്റനൻസ് അലവൻസ് ഇനത്തിൽ പരമാവധി 10 മാസത്തേക്ക് 10,000/- രൂപയും ഉൾപ്പെടുത്തിയാണ് നൽകുന്നത്.<br><br>സംസ്ഥാനത്തെ 4.5 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ള ഒ.ബി.സി. വിഭാഗം ഉദ്യോഗാർത്ഥികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. |
| (സി) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ, അപേക്ഷാ നടപടിക്രമങ്ങൾ തുടങ്ങിയവ വിശദീകരിക്കാമോ? | (സി) | അപേക്ഷ ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈനായി സ്വീകരിക്കുന്നു. സംസ്ഥാനത്തെ 4.5 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ള ഒ.ബി.സി. വിഭാഗം ഉദ്യോഗാർത്ഥികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. സർക്കാർ നിയന്ത്രണത്തിലുള്ള സിവിൽ സർവ്വീസ് അക്കാദമിയിലോ, കുറഞ്ഞത് 5 വർഷമെങ്കിലും സേവന പാരമ്പര്യമുള്ള സംസ്ഥാനത്തെ പ്രശസ്ത സ്ഥാപനങ്ങളിലോ പഠിക്കുന്നവർക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| | | | അപേക്ഷകരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായാൽ ഉയർന്ന മാർക്ക് മുൻഗണനയായി കണക്കാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ